**കാലിക്കറ്റ് സർവ്വകലാശാല**
**സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ**
**PH:0494-2407356, 2407512, 2400288 www.sdeuoc.ac.in**

**ബി.എ./ബി.കോം ഡിഗ്രി (ഓപ്പൺ സ്ട്രീം) പ്രവേശന പരീക്ഷ 2017**

No.75217/SDE-A-ASST2/2017. Dated: 07-09-2017

## വിജ്ഞാപനം

കാലിക്കറ്റ് സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന 2017ലെ ബി.എ., ബി.കോം (ഓപ്പൺസ്ട്രീം) ഡിഗ്രി പ്രോഗ്രാം പ്രവേശനപരീക്ഷക്കുള്ള അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. (+2/പ്രീഡിഗ്രി പാസ്സായവർ/തത്തുല്യയോഗ്യതയുള്ളവർ ഈ പരീക്ഷയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല)

1. **യോഗ്യത** : **2017** ജൂലായ് **1** ന് **18** വയസ്സ് പൂർത്തിയായിരിക്കണം. (ജനനതീയ്യതി തെളിയിക്കുന്നതിനുള്ള ഏതെങ്കിലും ആധികാരിക രേഖയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി ഹാജരാക്കണം. SSLC ഉള്ളവർ അതിന്റെ കോപ്പി തന്നെ ഹാജരാക്കണം. SSLC എഴുതാത്ത വിദ്യാർത്ഥികൾ വെള്ളക്കടലാസിൽ ഇതുസംബന്ധിച്ച സത്യപ്രസ്താവന നൽകേണ്ടതാണ്.). അടിസ്ഥാന വിദ്യാഭ്യാസയോഗ്യതകൾ നിഷ്കർഷിക്കുന്നില്ല.. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി.)നിയമപ്രകാരം ഡിസ്റ്റൻസ് എഡ്യുക്കേഷൻ വഴിയുള്ള ഡിഗ്രി പ്രവേശനത്തിന് വേണ്ട അടിസ്ഥാനയോഗ്യത നിർണ്ണയിക്കാനുള്ള പദ്ധതി അനുസരിച്ചാണ് ഈ പരീക്ഷ നടത്തുന്നത്. (ഈ പരീക്ഷ +2 പരീക്ഷയ്ക്ക് തുല്ല്യമല്ല.)
2. **പരീക്ഷാതിയ്യതി** : **2017 ഒക്ടോബർ 15 (ഞായർ).**

   **പരീക്ഷാ സെന്ററുകൾ** : വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങൾ.
3. **ഫീസ് വിവരങ്ങൾ:**

   **അപേക്ഷാഫീസ് : General 1000/- രൂപ; SC/ST 500/-രൂപ.** പ്രവേശന പരീക്ഷയുടെ പഠനാവലിയും മാതൃകാ ചോദ്യങ്ങളും വിദൂരവിദ്യാഭ്യാസ വിഭാഗം വെബ്സൈറ്റിൽ(www.sdeuoc.ac.in>StudyMaterials) സൗജന്യമായി ലഭ്യമാണ്. ഇതിന്റെ പുസ്തകം ആവശ്യമുള്ളവർ **200/–** രൂപ അധികമായി അടയ്ക്കേണ്ടതാണ്. വിദൂരവിദ്യാഭ്യാസ വിഭാഗം വെബ്സൈറ്റിലെ (www.sdeuoc.ac.in) ഹോം പേജിലുള്ള Instant web payment system എന്ന ലിങ്ക് മുഖേന ഓൺലൈനായി മാത്രം ഫീസ് അടക്കേണ്ടതാണ്.
4. **അപേക്ഷിക്കേണ്ടവിധം** : അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷിക്കുന്നതിനുമുമ്പായി അപേക്ഷാഫീസ് Instant web payment system ഉപയോഗിച്ച് അടക്കേണ്ടതും സ്വന്തം Photograph scan ചെയ്ത് JPEG Formatൽ അപ്‌ലോഡ് ചെയ്യുന്നതിനായി കരുതേണ്ടതുമാണ്. കാലിക്കറ്റ് സർവ്വകലാശാലയുടെ വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.sdeuoc.ac.in ന്റെ ഹോം പേജിലുള്ള Online Registration → Open stream EE 2017 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ അപേക്ഷിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ Hard copy (Print out), വയസ്സ് തെളിയിക്കുന്ന രേഖയുടേയും SC/ST വിഭാഗക്കാരാണെങ്കിൽ ജാതി തെളിയിക്കുന്നതിനുള്ള രേഖയുടെയും Gazetted Officer സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഫീസ് അടച്ച e- ചലാൻ രശീതി എന്നിവ സഹിതം കാലിക്കറ്റ് സർവ്വകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നമ്പറും പ്രിന്റൗട്ടിന്റെ കോപ്പിയും വിദ്യാർത്ഥികൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പ്രവേശനപരീക്ഷയുടെ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുവാൻ ഇത് ആവശ്യമാണ്.
5. **അപേക്ഷിക്കാനുള്ള തിയ്യതി** : ഓൺ ലൈൻ രജിസ്ട്രേഷൻ തുടങ്ങുന്നത് – **11/09/2017** . പിഴ കൂടാതെ അപേക്ഷിക്കുവാനുള്ളഅവസാന തീയതി – **20/09/2017. 100/** രൂപ പിഴയോടുകൂടി **25/09/2017** വരെ. അപേക്ഷയുടെ പ്രിന്റൗട്ട് , e–ചലാൻ, ബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതം ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തിയ്യതി **28/09/2017.**

6.**തപാൽ മുഖേന അയക്കേണ്ട വിലാസം:** ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി. P.O, മലപ്പുറം-673 635. തപാൽ മുഖേന പ്രിന്റൗട്ട് സമർപ്പിക്കുന്നവർ പാഠാവലിയും ക്വസ്റ്റ്യൻ ബാങ്കും ലഭിക്കാൻ സ്വന്തം മേൽവിലാസമെഴുതി 100/ രൂപ സ്റ്റാമ്പ് ഒട്ടിച്ച 30 സെ.മീ. x 25 സെ.മീ.വലുപ്പമുള്ള കവർ കൂടി ഉൾപ്പെടുത്തി അയക്കേണ്ടതാണ്.

7. **പരീക്ഷാരീതി** :ഒബ്ജക്ടീവ് ടൈപ്പ് മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ . ഇംഗ്ലീഷ്, സെക്കന്റ് ലാംഗ്വേജ്, മെയിൻ വിഷയം എന്നിവയിലായി മൂന്ന് പരീക്ഷകളാണ് നടത്തുക. ബി.കോമിന് ചേരാൻ ഉദ്ദേശിക്കുന്നവർ കോമേഴ്സും, ബി.എ.ക്ക് ചേരാൻ ഉദ്ദേശിക്കുന്നവർ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിലേതെങ്കിലും ഒന്നും, പാർട്ട് 2 ഉപഭാഷയായി മലയാളം, അറബിക്, ഹിന്ദി ഇവയിലേതെങ്കിലും ഒന്നും എഴുതേണ്ടതാണ്. ബി.എ.ക്കും, ബി.കോമിനും പ്രവേശനപരീക്ഷ എഴുതുന്നവർ പാർട്ട് 1 ഇംഗ്ലീഷ് പരീക്ഷ നിർബന്ധമായും എഴുതേണ്ടതാണ്. ബി.എ. അറബിക്, മലയാളം, ഹിന്ദി എന്നിവ പ്രധാന വിഷയമായി എടുത്ത് ഡിഗ്രിക്ക് പഠിക്കാൻ ഉദ്ദേശിക്കുന്നവർ നിർബന്ധമായും അതത് വിഷയങ്ങളിലെ സെക്കന്റ് ലാംഗ്വേജിൽ പ്രവേശന പരീക്ഷ പാസ്സാവണം (സെക്കന്റ് ലാംഗ്വേജ് പിന്നീട് മാറ്റാവുന്നതല്ല). 300/– മാർക്കിലുള്ള പ്രവേശനപരീക്ഷയിൽ 105 മാർക്ക് കിട്ടുന്നവർക്ക് ഡിഗ്രി പ്രവേശനത്തിന് യോഗ്യതയുണ്ടാവും. ഓരോ പേപ്പറിനും നിശ്ചിതമാർക്ക് ലഭിക്കണമെന്നില്ല. എന്നാൽ മൂന്ന് പരീക്ഷകൾക്കും നിർബന്ധമായി ഹാജരാകേണ്ടതാണ്. പ്രവേശന പരീക്ഷ പാസ്സാകുന്ന ബി.എ.വിദ്യാർത്ഥികൾക്ക് ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, മലയാളം, ഇംഗ്ലീഷ്, അറബിക്, ഹിന്ദി എന്നിവയിലേതെങ്കിലുമൊന്ന് പ്രധാനവിഷയമായി എടുക്കാവുന്നതാണ്.

8) **പരീക്ഷാഫലം** : പരീക്ഷാഫലം 25/10/2017 മുതൽ വിദൂരവിദ്യാഭ്യാസ വിഭാഗം വെബ്സൈറ്റിൽ ലഭ്യമാകും.

**ഡയറക്ടർ**

വിശദവിവരങ്ങൾ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ ഓഫീസിൽനിന്നും ,www.sdeuoc.ac.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.